BY FAX

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.133/എ.ആർ.13(2)/2024/ഉഭപവ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എ.ആർ.13) വകുപ്പ്

തിരുവനന്തപുരം,

തീയതി: 03-10-2024

## സർക്കുലർ

വിഷയം:- സർക്കാർ ഓഫീസുകളിൽ നിന്നും കത്തുകൾ അയയ്ക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതു - സംബന്ധിച്ച്.

സൂചന:- 1) 02.03.2013- ലെ 19069/എ.ആർ13(2)/2012/ഉഭപവ നമ്പർ സർക്കുലർ.

2) 09.10.20215-ലെ 18216/എ.ആർ.13(2)/2015/ഉഭപവ നമ്പർ സർക്കുലർ.

3) 22.02.2018-ലെ 7289/എ.ആർ13(2)/2016/ഉഭപവ നമ്പർ സർക്കുലർ.

സർക്കാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും മറുപടി നൽകുമ്പോൾ പിൻകോഡ് ഉൾപ്പെടുത്തിയുള്ള മുഴുവൻ മേൽവിലാസവും മറുപടി കത്തിലും കവറിലും രേഖപ്പെടുത്തേണ്ടതാണെന്നും മറുപടി കത്തുകളിൽ പരാതിക്കാരന്റെ കത്തിന്റെ തീയതി കൂടി പരാമർശിക്കേണ്ടതാണെന്നും സൂചന (1)-ലെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കത്ത് അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ വിലാസം, ഓഫീസ് നിൽക്കുന്ന സ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർസ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർ, അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ എന്നിവ കൂടി ഉൾപ്പെടുത്തണമെന്നും സൂചന (2)-ലെ സർക്കുലർ പ്രകാരവും നിർദ്ദേശിച്ചിരുന്നു.

സൂചന-3 പ്രകാരം മേൽ സർക്കുലർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിക്കപ്പെടുന്നില്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും, സർക്കാർ ഓഫീസുകളിൽ നിന്നും അയക്കുന്ന കത്തുകളിൽ, കത്ത് അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ വിലാസം, ഓഫീസ് നിൽക്കുന്ന സ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർ എന്നിവ നിർബന്ധമായി ഉൾപ്പെടുത്തണമെന്നും ഇത് പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അധ്യക്ഷന്മാർ ശിക്ഷാ നടപടി കൈക്കൊള്ളണമെന്നും നിർദ്ദേശിക്കുന്നു.

PUNEET KUMAR I A S

ADDITIONAL CHIEF SECRETARY

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/

സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

മുഖ്യമന്ത്രിമാരുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും

പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (അച്ചടി, ദൃശ്യമാധ്യമങ്ങളിലൂടെ വ്യാപക പ്രചാരണം നൽകുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Saira Banu Buhari

Date: 10.10.2024 16:22:05

സെക്ഷൻ ഓഫീസർ

മേലെഴുത്ത് കത്ത് : ഡിറ്റി/4877/2024-എ5 തീയതി : 02-11-2024

സർക്കാർ ഓഫീസുകളിൽ നിന്നും കത്തുകൾ അയക്കുമ്പോൾ പാലിക്കേണ്ട മാർഗനിർദ്ദേശങ്ങൾ അടങ്ങിയ മേൽ സർക്കുലർ അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി അയക്കുന്നു.

**Shammi Baker A, JD DTTVM, O/O JD DTTVPM**

Signed by
Shammi Baker A
Date: 02-11-2024 17:19:14

സ്വീകർത്താവ്,

(1) എല്ലാ സ്ഥാപന മേധാവികൾക്കും (വകുപ്പ് വെബ്സൈറ്റ് മുഖേനെ)

(2) ആസ്ഥാന കാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.